## അറിയിപ്പ്

മി. സ്പീക്കർ: ഇന്നത്തെ കാര്യവിവരപ്പട്ടികയിൽ ഉൾപ്പെടുത്തിയിരുന്ന ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന മറ്റൊരു അവസരത്തിലേയ്ക്ക് മാറ്റാൻ അനുവദിക്കണമെന്ന് റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി അഭ്യർത്ഥിച്ചിട്ടുണ്ട്. സഭയുടെ അനുമതിയോടെ പ്രസ്തുത പ്രസ്താവന നടത്തുന്ന കാര്യം ഇന്നത്തെ കാര്യവിവരപ്പട്ടികയിൽനിന്നും ഒഴിവാക്കുന്നു.

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, കേരളം നേരിടുന്ന രൂക്ഷമായ വരൾച്ചയെ സംബന്ധിച്ച പ്രസ്താവനയാണ് നടത്താനിരുന്നത്. ബന്ധപ്പെട്ട വകുപ്പുമന്ത്രി സഭയിലുള്ള സാഹചര്യത്തിൽ പ്രസ്താവന എന്ന് നടത്തണമെന്ന് വ്യക്തമാക്കണം.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, ബഹുമാനപ്പെട്ട രമേശ് ചെന്നിത്തല ചൂണ്ടിക്കാണിച്ചതുപോലെ, കേരളം നേരിടുന്ന രൂക്ഷമായ വളർച്ചയുടെ പ്രശ്നം സംബന്ധിച്ച് വിശദമായ പ്രസ്താവന നടത്താനാണ് തയ്യാറായിട്ടുള്ളത്. വളരെ വൈകിക്കിട്ടിയ ചില വിവരങ്ങൾകൂടി പ്രസ്താവനയിൽ ഉൾപ്പെടുത്തേണ്ടിവന്ന സാഹചര്യത്തിലാണ് മറ്റൊരു അവസരത്തിലേയ്ക്ക് മാറ്റാൻ

ആവശ്യപ്പെട്ടത്. ആയത് നാളെ നടത്താവുന്നതാണ്.